I. ഇ.ബി. XV-കേരള നിയമസഭ/XV

**പതിനഞ്ചാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2025 നവംബർ 1, ശനി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I. ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): "2025 നവംബർ 1 ശനിയാഴ്ച ദിവസമായ ഇന്ന് സഭ യോഗം ചേരുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 13(2)-ലെ വ്യവസ്ഥ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം ചട്ടം 313 അനുസരിച്ച് അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കണമെന്നുമാവശ്യപ്പെട്ട് പതിനാലാം സഭാ സമ്മേളനകാലയളവുമുതൽ പ്രതിപക്ഷം സഭയ്ക്കകത്തും പുറത്തും സമരം നടത്തിവരികയാണെന്നും ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുവേണ്ടിമാത്രം സഭാ സമ്മേളനം ചേരുന്നത് ചട്ടലംഘനവും സഭയെ അവഹേളിക്കുന്നതിന് തുല്യവുമാണെന്നും തങ്ങൾ അതിന് കൂട്ടുനിൽക്കില്ലെന്നും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

## II. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### അതിദാരിദ്ര്യമുക്ത കേരളം

കേരളം 1-11-2025 മുതൽ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മാറിയിരിക്കുന്നുവെന്ന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) പ്രഖ്യാപിക്കുകയും അതുസംബന്ധിച്ച് ചട്ടം 300 അനുസരിച്ച് പ്രസ്താവന

നടത്തുകയും ചെയ്തു.

## III ഉപക്ഷേപം

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 9.33-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.